നാഷണൽ റൂറൽ ഡെവലപ്മെന്റ് ഏജൻസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ റോഡുകൾ നിർമ്മിക്കുന്നതിനും/പുനരുദ്ധരിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് 20-7-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 61/2013/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ചേർത്ത് നഗരപരിധിയുടെ 50 കി.മീ. ചുറ്റളവിനകത്തുള്ള റോഡുകളുടെ ടാറിംഗിനd ഉപയോഗിക്കുന്നത് സംബന്ധിച്ച് 9-11-2015 തീയതിയിലെ RW/NH-33044/24/2015-S&R(R) നമ്പരിലുള്ള പരിപത്ര പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും (KHRI) നാറ്റ്പാക്കിന്റെയും (NATPAC) സാങ്കേതിക സഹായത്തോടെ പ്ലാസ്റ്റിക് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ചില റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശേഖരിച്ച് വേർതിരിച്ചെടുത്ത് വൃത്തിയാക്കി ഷ്രഡ് ചെയ്തശേഷമാണ് ടാറിംഗിന് ഉപയോഗിക്കുന്നത്. ഇതുവഴി പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും, റോഡിന്റെ ഈട് വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കൂടുതൽ റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്നതിനും ഓരോ ജില്ലയിലും 5 കി.മീ. റോഡുകളെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എറണാകുളം ജില്ലയിൽ സിവിൽ സ്റ്റേഷൻ - IMG- നിലംപതിഞ്ഞി റോഡ്, തിരുവനന്തപുരം നഗരത്തിലെ എസ്.എസ്. കോവിൽ റോഡ്, വയനാട് ജില്ലയിലെ കൈതയ്ക്കൽ റോഡ്, കാസർഗോഡ് ജില്ലയിലെ ബന്തടുക്ക-വീട്ടിയാടി-ചാമുണ്ടിക്കുന്ന്-ബളാംതോട് റോഡ് എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തുകഴിഞ്ഞു.

പാലിന്റെ ഗുണനിലവാരം

12(*252) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും ദിനംപ്രതി സംസ്ഥാനത്തേക്ക് എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; എങ്കിൽ ഗുണനിലവാര പരിശോധനയ്ക്കുള്ള എന്തെല്ലാം സജ്ജീകരണങ്ങൾ സംസ്ഥാന ചെക്കുപോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമാന്തര ചെക്കുപോസ്റ്റുകളിൽകൂടി സംസ്ഥാനത്തേക്ക് പാൽ എത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പാലിൽ സാധാരണ ചേർക്കുന്ന രാസപദാർത്ഥങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അനാരോഗ്യകരമായ സാഹചര്യത്തിൽ പാൽ കൊണ്ടുവരുന്നവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.. വി. എസ്. ശിവകുമാർ) :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ദിനംപ്രതി സംസ്ഥാനത്തേക്ക് എത്തുന്ന പാലിന്റെ ഗുണനിലവാരം ദിവസവും പരിശോധിക്കുന്നില്ല. എന്നാൽ നിശ്ചിത ഇടവേളകളിൽ എല്ലാ ജില്ലകളിലും വിതരണം ചെയ്യപ്പെടുന്ന അന്യ സംസ്ഥാനത്ത് നിന്നും വരുന്നതുൾപ്പെടെയുള്ള എല്ലാ ബ്രാൻഡുകളിലുമുള്ള പാലുകൾ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കൂടാതെ പ്രതിദിന ഉപഭോഗം കൂടുതലായിട്ടുള്ള ഉത്സവ സീസണുകളിലും മറ്റ് പ്രധാന സന്ദർഭങ്ങളിലും ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് ലബോറട്ടറി സജ്ജീകരിച്ച് പരിശോധനകൾ നടത്താറുണ്ട്. പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ റീജിയണൽ അനലറ്റിക്കൽ ലാബോറട്ടറികളിൽ സ്ഥിര സംവിധാനം നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിലവാരമില്ലാത്തതും സുരക്ഷിതമല്ലാത്തതുമായ പാൽ, പാൽ ഉല്പന്നങ്ങൾ എന്നിവ വിൽക്കുന്നവർക്കും ഉൽപ്പാദിപ്പിക്കുന്ന ഡയറികൾക്കുമെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധചട്ടങ്ങളും അനുശാസിക്കുംപ്രകാരം നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ന്യൂട്രിലൈസറുകൾ (സോഡിയം ഹൈഡ്രോക്സൈഡ്, സോഡിയം കാർബണേറ്റ്, സോഡിയം ബൈകാർബണേറ്റ്) യൂറിയ, ഫോർമാൽഡിഹൈഡ്, ഹൈഡ്രജൻ പെറോക്സൈഡ് മുതലായവയാണ് പാലിൽ ചേർക്കുന്ന രാസ പദാർത്ഥങ്ങൾ. എന്നാൽ ലബോറട്ടറികളിൽ നടത്തിയ പരിശോധനകളിൽ ഇത്തരം രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) അനാരോഗ്യകരമായ സാഹചര്യത്തിൽ കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിലെ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളിൽ സ്ഥിരസംവിധാനം നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിലവാരമില്ലാത്തതും സുരക്ഷിതമല്ലാത്തതുമായ പാൽ, പാൽ ഉല്പന്നങ്ങൾ തുടങ്ങിയവയ്ക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006-ഉം അനുബന്ധചട്ടങ്ങളും അനുശാസിക്കുംപ്രകാരം നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

പൈതൃക കെട്ടിട സംരംക്ഷണം

13(*253) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലുള്ള പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കാനുള്ള മാർഗ്ഗരേഖകൾ രൂപീകരിക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) 31-1-2012-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 154/2012/ പൊ.മ.വ. പ്രകാരം പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി ഒരു പ്രത്യേക സെൽ രൂപീകരിക്കുകയും 5-10-2012-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1698/12/ പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച എംപാനൽഡ് ആർക്കിടെക്ടുമാരുടെ ലിസ്റ്റ് അംഗീകരിക്കുകയും പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ടി ലിസ്റ്റിൽ ഉൾപ്പെട്ട ആർക്കിടെക്ടുമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം 16 പൈതൃക നിർമ്മിതികളെ തെരഞ്ഞെടുക്കുകയും 10 നിർമ്മിതികളുടെ ആധാരരേഖകളുടെയും പ്രമാണ ഗ്രന്ഥങ്ങളുടെയും പരിശോധന പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും

LIBRARY ARCHIVES Kerala Legislative Assembly